# പതിനാലാം കേരള നിയമസഭ

## പതിമൂന്നാംസമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 33 29/11/2018 ൽ മറുപടിക്ക്

ശബരിമല യുവതീ പ്രവേശനം

ചോദ്യം

ശ്രീ.മുഹമ്മദ് മുഹസിൻ പി.
ശ്രീ.മുല്ലക്കര രത്നാകരൻ
ശ്രീ.ഇ.കെ.വിജയൻ
ശ്രീ.ആർ രാമചന്ദ്രൻ

മറുപടി

ശ്രീ. കടകംപള്ളി സുരേന്ദ്രൻ
(സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ശബരിമല യുവതീ പ്രവേശനം സംബന്ധിച്ച് സുപ്രീം കോടതി വിധിയുടെ പ്രസക്തഭാഗങ്ങൾ അറിയിക്കുമോ; | (എ) | ശബരിമലയിലെ യുവതി പ്രവേശനം സംബന്ധിച്ച് ബഹു. സുപ്രീം കോടതിയുടെ അഞ്ച് അംഗ ഭരണഘടനാ ബഞ്ച് ആകെ നാല് വിധി ന്യായങ്ങൾ ആണ് പുറപ്പെടുവിച്ചിട്ടുള്ളത്. വിധിന്യായത്തിൽ 10 നും 50 വയസ്സിനും ഇടയിൽ പ്രായമുള്ള യുവതികളെ ശബരിമല ദർശനത്തിന് വിലക്ക് ഏർപ്പെടുത്തിയ നടപടി ഭരണഘടനയുടെ ആർട്ടിക്കിൾ 15, 26 എന്നി വയുടെ ലംഘനമാകയാൽ ആയത് റദ്ദ് ചെയ്ത് പ്രായ ഭേദമന്യേ എല്ലാ സ്ത്രീകൾക്കും ശബരിമല പ്രവേശനം അനുവദിക്കുകയുണ്ടായി .കൂടാതെ കേരള ഗവൺമെന്റ് 1965-ൽ പാസാക്കിയ കേരള ഹിന്ദു ആരാധനാ സ്ഥലങ്ങൾ (പ്രവേശനാനുമതി) നിയമത്തിലെ ചട്ടം 3(ബി) ഭരണഘടനയുടെ ആർട്ടിക്കിൾ 25(1), ആർട്ടിക്കിൾ 15(1) എന്നിവയ്ക്കെതിരാണെന്ന് കണ്ടെത്തുകയും പ്രസ്തുത ചട്ടം റദ്ദ് ആക്കുകയും ചെയ്തു. വിധിയുടെ പ്രസക്ത ഭാഗങ്ങൾ അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്. |
| (ബി) | ശബരിമല അയ്യപ്പനുമായി ബന്ധപ്പെട്ട ഐതിഹ്യങ്ങൾ, ആചാരാനുഷ്ഠാനങ്ങൾ, വിശ്വാസങ്ങൾ തുടങ്ങിയ വസ്തുതകൾ സുപ്രീം കോടതി വിശദമായി പരിശോധിച്ചതായി അറിവുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (ബി) | ഉണ്ട്. തിരുവിതാംകൂർ ദേവസ്വം ബോർഡ്, ശബരിമല ക്ഷേത്ര തന്ത്രി കുടുംബം, അയ്യപ്പ സേവാസംഘം, പന്തളം കൊട്ടാരം തുടങ്ങിയ പത്തോളം സംഘടനകൾ ശബരിമല അയ്യപ്പനുമായി ബന്ധപ്പെട്ട ഐതിഹ്യങ്ങൾ, ആചാരാനുഷ്ഠാനങ്ങൾ, വിശ്വാസങ്ങൾ തുടങ്ങിയ വസ്തുതകൾ സംബന്ധിച്ച് വെവ്വേറെ സത്യവാങ്മൂലം നൽകി കോടതിയെ വിവരങ്ങൾധരിപ്പിച്ചിട്ടുണ്ട്. ഈ കാര്യങ്ങൾ സംബന്ധിച്ച് ബഹു.സുപ്രീംകോടതിയുടെ നിരീക്ഷണങ്ങൾ അനുബന്ധം 2 ആയി ചേർത്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | കേരള ഹിന്ദു പൊതു ആരാധനാ പ്രവേശന നിയമത്തിലെ ഏത് വകുപ്പാണ് സുപ്രീംകോടതി റദ്ദുചെയ്തതെന്ന് വിശദമാക്കുമോ; | (സി) | 1965-ൽ പാസാക്കിയ കേരള ഹിന്ദു ആരാധനാ സ്ഥലങ്ങൾ (പ്രവേശനാനുമതി) നിയമത്തിലെ ചട്ടം 3(ബി) ആണ് റദ്ദാക്കിയിട്ടുള്ളത്. |
| (ഡി) | ശബരിമല കേസിൽ കേരളത്തിൽ നിന്ന് ആരൊക്കെയാണ് കക്ഷി ചേർന്നിരുന്നതെന്ന് വ്യക്തമാക്കുമോ? | (ഡി) | ഇൻഡ്യൻ യംഗ് ലോയേഴ്സ് അസോസിയേഷനാണ് കേസ് ഫയൽ ചെയ്തത്. കേരള സർക്കാരിനെ കക്ഷി ചേർക്കുകയാണുണ്ടായത്. തിരു വിതാംകൂർ ദേവസ്വം ബോർഡ്, തിരുവിതാംകൂർ ദേവസ്വം ബോർഡ് കമ്മീഷ്ണർ, ശബരിമല ക്ഷേത്രത്തിലെ ചുമതലയുള്ള തന്ത്രി, പത്തനംതിട്ട ജില്ലാ മജിസ്ട്രേട്ട് അയ്യപ്പ സേവാ സമിതി ,ശബരിമല അയ്യപ്പ സേവാ സമാജം, കേരള ക്ഷേത്ര സംരക്ഷണ സമിതി, മധുര കേരള ക്ഷേത്ര സംരക്ഷണ സമിതി,കോഴിക്കോട്, പന്തളം കൊട്ടാരം, ശ്രീ.കണ്ഠരര് രാജീവര്, നായർ സർവ്വീസ് സൊസൈറ്റി, അയ്യപ്പ സേവാസംഘം,ശ്രീമതി രേഖാ സതീരത്നം, തിരുവനന്തപുരം, ശ്രീ രാഹുൽ ഈശ്വർ, ശബരിമല ആചാര സംരക്ഷണ സമിതി എന്നിവരാണ് കേരളത്തിൽ നിന്ന് കക്ഷി ചേർന്നവർ. |

സെക്ഷൻ ഓഫീസർ

അനുബന്ധം I

**<u>ചീഫ് ജസ്റ്റിസ് ദീപക് മിശ്രയും ജസ്റ്റിസ് എ.എം.ഖാൻവിൽകറും ചേർന്ന് പുറപ്പെടുവിച്ച വിധിയിൽ പ്രധാനമായും ചൂണ്ടിക്കാണിച്ച വസ്തുതകൾ ഇവയാണ്.</u>**

1965-ലെ കേരള ഹിന്ദു പൊതുആരാധന (പ്രവേശന അനുമതി) ആക്ടിലെ 3(ബി) ചട്ടപ്രകാരം ശബരിമല ക്ഷേത്രത്തിൽ അനുവർത്തിച്ചുവരുന്ന സ്ത്രീകളെ വിവേചനപരമായി ഒഴിവാക്കുന്ന ആചാരം ഹിന്ദുസ്ത്രീകളുടെ ആരാധനയുടേയും മതവിശ്വാസങ്ങളുടേയും ലംഘനമാണ്. ഇങ്ങനെ നിഷേധിക്കുന്നത് അവരുടെ ആരാധനാവകാശത്തെ ഇല്ലായ്മ ചെയ്യുന്നു. ഭരണഘടനയുടെ 25(1) അനുച്ഛേദപ്രകാരമുള്ള മതാചരണത്തിനുള്ള അവകാശം എല്ലാ പ്രായത്തിലുള്ള പുരുഷന്മാർക്കും സ്ത്രീകൾക്കും തുല്യമായി ലഭ്യമാണ്.

1965-ലെ നിയമത്തിനുകീഴിൽ രൂപവൽക്കരിക്കപ്പെട്ട ചട്ടങ്ങളിലെ വിവാദമായ ചട്ടം 3 (ബി)യുടെ അടിസ്ഥാനത്തിൽ 10-നും 50 നും ഇടയിൽ പ്രായമുള്ള സ്ത്രീ വിഭാഗങ്ങളുടെ ക്ഷേത്രപ്രവേശനം ഒഴിവാക്കാൻ വ്യവസ്ഥ ചെയ്യുന്നത്, ഹിന്ദു സ്ത്രീകൾക്ക് അവരുടെ മതവിശ്വാസങ്ങൾ ആചരിക്കാനുള്ള അവകാശത്തെ പ്രകടമായി ലംഘിക്കുന്നതും 25 (1) അനുച്ഛേദത്തിൽ വിവക്ഷിക്കുന്ന മൗലികമായ മതാവകാശം ഇല്ലാതാക്കുന്നതുമാണ്.

ശബരിമലക്ഷേത്രത്തിൽ 10-നും 50-നും ഇടയിൽ പ്രായമുള്ള സ്ത്രീകൾക്ക് പ്രവേശനം നിഷേധിക്കുന്ന തരത്തിലുള്ള ആചാരം മതാചാരത്തിന്റെ അവിഭാജ്യഘടകമാണെന്ന ദേവസ്വം ബോർഡിന്റെ അവകാശവാദം സ്വീകരിക്കാൻ കഴിയില്ല.

1965-ലെ നിയമത്തിലെ 3, 4 വകുപ്പുകൾ വ്യക്തമാക്കുന്നത് ആചാരങ്ങളും കീഴ്വഴക്കവും പൊതുആരാധനാസ്ഥലങ്ങളിൽ ആരാധന നടത്താനുള്ള എല്ലാ വിഭാഗം ഹിന്ദുക്കളുടെയും അവകാശങ്ങൾ കണക്കിലെടുത്താകണം എന്നാണ്. അതിനുവിരുദ്ധമായ എല്ലാ വ്യാഖ്യാനങ്ങളും 1965-ലെ നിയമത്തിലെ ഉദ്ദേശ്യത്തെ ഇല്ലാതാക്കുന്നതും 25 (1) അനുച്ഛേദത്തിൽ ഉറപ്പ നൽകുന്ന മതം ആചരിക്കുന്നതിനുള്ള മൗലികാവകാശത്തിനു ഭംഗം വരുത്തുന്നതുമാണ്. അതിനാൽ ചട്ടം 3 (ബി) മൂലനിയമത്തിന്റെ പരിധി ലംഘിക്കുന്നതാണ്.

ഈ വസ്തുതകളുടെ അടിസ്ഥാനത്തിൽ ശബരിമലയിൽ എല്ലാ പ്രായത്തിലുമുള്ള സ്ത്രീകൾക്ക് പ്രവേശനം അനുവദിച്ചുകൊണ്ട് വിധി പുറപ്പെടുവിച്ചു.

**<u>ജസ്റ്റിസ് നരിമാന്റെ വിധിയിലെ പ്രസക്തഭാഗം ഇപ്രകാരമാണ്.</u>**

പൊതുസ്വാഭാവമുള്ള എല്ലാ ഹിന്ദുമത സ്ഥാപനങ്ങളിലും ഹിന്ദുമതവിശ്വാസങ്ങൾ ആചരിക്കുന്ന എല്ലാ വ്യക്തികൾക്കും, എല്ലാ വിഭാഗത്തിലുംപെട്ട ഹിന്ദുക്കൾക്കും, പ്രവേശനം അനുവദിക്കേണ്ടതാണ്.

ഭരണഘടനയുടെ അനുഛേദം 25 (1) പ്രകാരമുള്ള മൗലികാവകാശത്തിന് മതസമുദായങ്ങൾക്കും അതിലെ വിഭാഗങ്ങൾക്കും അർഹതയുണ്ട്. ഒരു മതസമുദായത്തെ പ്രത്യേകവിഭാഗമായോ ഗണമായോ നിർണയിക്കുന്നത് വ്യക്തികളുടെ പൊതുവിശ്വാസത്തിന്റെയോ പൊതുസംഘടനയുടെയോ പ്രത്യേക പേരിന്റെയോ അടിസ്ഥാനത്തിലാണ്. അങ്ങനെയുള്ളവരെ ആ മതവിഭാഗത്തിലെ മറ്റ് ആളുകളിൽനിന്ന് വേർതിരിക്കാവുന്നതുമാണ്.

ശബരിമല ക്ഷേത്രത്തെയും വിശ്വാസികളെയും ഒരു പ്രത്യേക മതവിഭാഗമായി കാണാനാവില്ല. എല്ലാതരം ഹിന്ദുക്കളും, ക്രിസ്ത്യാനികളും, മുസ്ലീങ്ങളും തുടങ്ങിയ എല്ലാ മതങ്ങളിലും ഉള്ളവരും വ്യക്തികളും മതത്തിന്റെ വ്യത്യാസമില്ലാതെ എല്ലാവരും തങ്ങളുടെ മതങ്ങളിൽ നിന്നും മാറാതെ തീർത്ഥാടകരായി അവിടെ സന്ദർശിക്കുന്നു എന്നത് വ്യക്തമാണ്. ഇത് സംബന്ധിച്ച് സമാനമായ മുൻസുപ്രീംകോടതി വിധികളെ അടിസ്ഥാനപ്പെടുത്തി വിശകലനം ചെയ്താൽ ശബരിമലയിൽ മാത്രമല്ല, ആയിരത്തിലധികം വിവിധ അയ്യപ്പ ക്ഷേത്രങ്ങളിലായി അയ്യപ്പനെ ആരാധിച്ചപോരുന്ന ഒരു പാട് വിഭാഗങ്ങളുണ്ട്. ആയതിനാൽ ഇവർ ഒരു വ്യത്യസ്ത മതവിഭാഗമായി പരിഗണിക്കപ്പെടുന്നില്ല. പ്രസ്തുത സാഹചര്യത്തിൽ 10-നും 50-നും ഇടയിൽ പ്രായമുള്ള സ്ത്രീകൾ പ്രവേശിക്കുന്നത് തടയുന്നത് ആചാരങ്ങൾക്കും കീഴ്വഴക്കങ്ങളും അനുസൃതമാണെന്ന് പറയുന്നത് 1965-ലെ നിയമത്തിലെ 3-ാം വകുപ്പ് പ്രകാരം നിയമവിരുദ്ധമാണ്.

എല്ലാ സ്ത്രീകളെയും ക്ഷേത്രത്തിൽ പ്രവേശിക്കുന്നത് തടഞ്ഞിട്ടില്ല എന്ന വാദം നിരർത്ഥകമാണ്. 10-നും 50-നും വയസ് മധ്യേ പ്രായമുള്ള സ്ത്രീകളെ പൂർണമായും ഒഴിവാക്കിയിരിക്കുകയാണ്. ഈ വിഭാഗം സ്ത്രീകൾക്ക് ശബരിമല ഒഴിച്ചുള്ള മറ്റ് അയ്യപ്പ ക്ഷേത്രങ്ങളിൽ ആരാധന നടത്താവുന്നതാണെന്ന വാദം അവർക്ക് ഇഷ്ടമുള്ള ക്ഷേത്രത്തിൽ ആരാധന നടത്താനുള്ള അവകാശം പ്രദാനം ചെയ്യുന്ന മൗലിക അവകാശം നിഷേധിക്കുന്നതിന് തുല്യമാണ്. ഇക്കാരണത്തിന്റെ അടിസ്ഥാനത്തിലും തന്ത്രിമാരും മറ്റ് ചിലരും പറയുന്ന മതാചാരപ്രകാരമുള്ള നിരോധനത്തിനുള്ള അവകാശം ശരിയല്ലാത്തതും സ്ത്രീകളുടെ ജീവശാസ്ത്രപരമായ ഘടകമായ ആർത്തവത്തിന്റെ പേരിൽ അവരെ പൂർണമായും വിലക്കുന്നതും മൗലികാവകാശത്തിന് വിരുദ്ധമാണ്. ഈ വസ്തുതകളുടെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട ചീഫ് ജസ്റ്റിസിന്റെ വിധിന്യായത്തോട് അനുകൂലിച്ച് 10-നും 50-നും ഇടയിൽ പ്രായമുള്ള സ്ത്രീകളെ വിലക്കുന്ന ആചാരവും കീഴ്വഴക്കവും ഭരണഘടനയുടേയും 1965-ലെ നിയമത്തിന്റെയും ലംഘനമാണെന്ന് വിധി പുറപ്പെടുവിച്ചു.

**<u>ജസ്റ്റിസ് ഡി.വൈ.ചന്ദ്രചൂഡിന്റെ വിധി ന്യായത്തിന്റെ പ്രസക്തഭാഗങ്ങൾ ചുവടെ ചേർക്കുന്നു.</u>**

ശബരിമല അയ്യപ്പക്ഷേത്രവും ഭക്തരും ഒരു പ്രത്യേക മതവിഭാഗമായി കണക്കാക്കപ്പെടണമെന്ന ആവശ്യം സുപ്രീംകോടതി പല വിധികളിലും നിഷ്കർഷിച്ച മാനദണ്ഡങ്ങളിൽ ഉൾപ്പെടുന്നില്ല.

സ്ത്രീകളെ മതാരാധാനയിൽ നിന്ന് ഒഴിവാക്കണമെന്നുള്ളത് മതഗ്രന്ഥങ്ങളിൽ ഉണ്ടെങ്കിൽപ്പോലും അത് ഭരണഘടനാമൂല്യങ്ങളായ വ്യക്തികളുടെ സ്വാതന്ത്ര്യത്തിനും അന്തസിനും സമത്വത്തിനും വിധേയമാണ്. അത്തരം ആചാരങ്ങൾ ഭരണഘടനാധാർമ്മികതയ്ക്ക് എതിരാണ്.

ശബരിമല ക്ഷേത്രത്തിൽ നിന്ന് സ്ത്രീകളെ ഒഴിവാക്കുന്ന ആചാരം മതപരമായ ആചാരാനുഷ്ഠാനത്തിന് അവശ്യമായ ഒന്നല്ല. അത് സ്ത്രീകളുടെ അന്തസിനെയും പൗരാവകാശതുല്യതയ്ക്കുള്ള അവരുടെ അവകാശത്തെയും നിന്ദിക്കുന്നതിനാൽ അത്തരം ആചാരങ്ങൾക്ക് ഭരണഘടനാപരമായ സാധുത നൽകുന്ന കാര്യത്തോട് കോടതി വിയോജിക്കുന്നു.

ആർത്തവാവസ്ഥയെ അടിസ്ഥാനമാക്കി സാമൂഹികമായ ബഹിഷ്കരണം ഏർപ്പെടുത്തുന്നത് ഭരണഘടനാപരമായ മൂല്യങ്ങൾക്ക് ഭ്രഷ്ട് കൽപിക്കുന്നത്പോലുള്ള ഒരു തരം തൊട്ടുകൂടായ്മയാണ്. വ്യക്തികൾക്ക് ഭ്രഷ്ട് കൽപ്പിക്കുന്ന ശുദ്ധിയുടേയും അശുദ്ധിയുടേയും അടിസ്ഥാനത്തിലുള്ള ആശയങ്ങൾക്ക് ഭരണഘടനാക്രമത്തിൽ ഒരു സ്ഥാനവുമില്ല.

10-നും 50-നും ഇടയിൽ പ്രായമുള്ള സ്ത്രീകളുടെ ക്ഷേത്രപ്രവേശനം തടഞ്ഞുകൊണ്ട് 1955 ഒക്ടോബർ 21-നും 1956 നവംബർ 27-നും ദേവസ്വം ബോർഡ് പുറപ്പെടുവിച്ച വിജ്ഞാപനങ്ങൾ 1965-ലെ കേരള ആരാധനാ സ്ഥലങ്ങൾ (പ്രവേശന അനുമതി) നിയമത്തിന്റെ 3-ാം വകുപ്പിനും ഭരണഘടനയ്ക്കും വിരുദ്ധമാണ്.

1965-ലെ നിയമത്തിലെ 3-ാം വകുപ്പിന് വിരുദ്ധമായ ഒരു ആചാരം നടപ്പാക്കുന്ന ഒന്നാണ് 1965-ലെ ചട്ടം 3 (ബി). അത് 3-ാം വകുപ്പിൽ പ്രതിപാദിച്ചിട്ടുള്ള ക്ഷേത്രപ്രവേശത്തിനുള്ള അവകാശത്തിന് പ്രത്യക്ഷത്തിൽ വിരുദ്ധമാണ് എന്നും വിധിച്ചു.

**<u>ജസ്റ്റിസ് ഇന്ദുമൽഹോത്ര മേൽ വിധിയോട് വിയോജിക്കുകയുണ്ടായി. വിയോജനവിധിയിലെ പ്രസക്തഭാഗങ്ങൾ ഇവയാണ്.</u>**

ശബരിമല ക്ഷേത്രം പിന്തുടർന്നുവരുന്ന ആചാരങ്ങൾക്കും കീഴ്വഴക്കങ്ങൾക്കും ഉള്ള ഒരു നിയമപരമായ അംഗീകാരമാണ് 1965-ലെ ചട്ടം 3 (ബി) നൽകുന്നത്. ക്ഷേത്രത്തിൽ അനാദികാലം മുതൽ നിലനിന്നിരുന്നതും ആചരിച്ചുവരുന്നതുമായ ആചാരങ്ങളും കീഴ്വഴക്കങ്ങളും അംഗീകരിക്കപ്പെടുന്നു എന്നതുകൊണ്ട് പ്രസ്തുത ചട്ടം 3 (ബി) 1965-ലെ ആക്ടിന്റെ 3-ാം വകുപ്പിലെ വ്യവസ്ഥകൾക്ക് അനുസൃതമാണ്. ക്ഷേത്രത്തിന്റെ പവിത്രതയ്ക്ക് അവശ്യം വേണ്ട ഒരു ആചാരവും ആചരണവും ആയതിനാലാണ് ദേവസ്വം ബോർഡ് 1956-ൽ വിജ്ഞാപനം മൂലം പ്രസ്തുത സ്ത്രീ പ്രവേശനം നിയന്ത്രിച്ചിട്ടുള്ളത്. ചട്ടം 3 (ബി) 1965-ലെ നിയമത്തിന്റെ മൂന്നാം വകുപ്പിന് വിരുദ്ധമാണെന്ന പരാതിക്കാരുടെ വാദം നിയമത്തിലെ 3-ാം വകുപ്പിലെ നിബന്ധനവ്യവസ്ഥകൾ പരിഗണിക്കാതെയുള്ളതാണ്.

---

Section Officer

അനുബന്ധം-2

ശബരിമല തീർത്ഥാടനം നടത്തുന്നതിന് വ്രതം അനുഷ്ഠിക്കുന്നതിന്റെ ഭാഗമായി വ്യക്തി തന്റെ കുടുംബ ബന്ധങ്ങളിൽ നിന്ന് മോചിതനാവുകയും ഋതുമതികളായ സ്ത്രീകളോട് ബന്ധമില്ലാതെ ആത്മീയാന്വേഷി ആയിരിക്കുകയും വേണമെന്നും വീട്ടിൽ ആരെങ്കിലും വ്രതം എടുക്കുക യാണെങ്കിൽ സ്ത്രീകൾക്ക് ആർത്തവാശുദ്ധി വരുമ്പോൾ അവർ വീട്ടു വിട്ടു പോകണമെന്നും സ്ത്രീകൾക്ക് 41 ദിവസത്തെ വ്രതം പൂർത്തിയാക്കാൻ ശാരീരിക പ്രത്യേകതകൾ മൂലം കഴിയില്ലെന്നുമാണ് തന്ത്രിയുടെ വാദം. ആർത്തവ സമയങ്ങളിൽ സ്ത്രീകൾ ക്ഷേത്രങ്ങളിൽ പോകുകയോ മതപരമായ ചടങ്ങുകളിൽ പങ്കെടുക്കുകയോ ചെയ്യാറില്ലെന്നത് അടിസ്ഥാന താന്ത്രിക ഗ്രന്ഥമായ തന്ത്ര സമുച്ചയത്തിൽ പറയുന്നുണ്ടെന്നും ഇത്തരത്തിൽ വിലക്ക് ഏർപ്പെടുത്തിയതുകൊണ്ടാണ് 10 നും 50 നും ഇടയിൽ പ്രായമുള്ള സ്ത്രീകൾക്ക് പ്രവേശനം അനുവദിക്കാത്തതെന്നും വാദമുയർത്തുന്നു. സ്ത്രീകളെ ശബരിമല പ്രവേശനത്തിൽ നിന്നും വിലക്കിയത് അവരുടെ ശാരീരികവും ജൈവശാസ്ത്രപരവുമായ പ്രതിഭാസമായ ആർത്തവം മുൻനിർത്തിയാണെന്ന് കോടതി വ്യക്തമാക്കി. നൈഷ്ഠിക ബ്രഹ്മചാരിയായ ദേവന്റെ ബ്രഹ്മചര്യത്തെയും നിഷ്ഠയെയും യുവതികളായ സ്ത്രീകൾ വ്യതിചലിപ്പിക്കരുത് എന്ന വാദം കേട്ട കോടതി സ്ത്രീകളിലെ ആർത്തവ പ്രതിഭാസത്തെ അശുദ്ധമാണെന്ന് പറഞ്ഞുകൊണ്ട് അവരെ മതപരമായ ചടങ്ങുകളിൽ നിന്നും തടയുകയാണ് മിക്കവാറും പുരാതന മതങ്ങൾ ചെയ്തിട്ടുള്ളത് എന്ന് വ്യക്തമാക്കി.

ശബരിമല ക്ഷേത്രത്തെയും വിശ്വാസികളെയും ഒരു പ്രത്യേക മത വിഭാഗമായി കാണാനാവില്ല എന്നും എല്ലാതരം ഹിന്ദുക്കളും ക്രിസ്ത്യാനികളും മുസ്ലീംങ്ങളും തുടങ്ങി എല്ലാ മതങ്ങളിലും ഉള്ളവരും വ്യക്തികളും മതത്തിന്റെ വ്യത്യാസമില്ലാതെ തങ്ങളുടെ മതങ്ങളിൽ നിന്നും മാറാതെ തീർത്ഥാടകരായി അവിടെ സന്ദർശിക്കുന്നു എന്നും കോടതി നിരീക്ഷിച്ചു. ഇത് സംബന്ധിച്ച് സമാനമായ മുൻ സുപ്രീം കോടതി വിധികളെ അടിസ്ഥാനപ്പെടുത്തി വിശകലനം ചെയ്താൽ ശബരിമലയിൽ മാത്രമല്ല ആയിരത്തിലധികം വിവിധ അയ്യപ്പ ക്ഷേത്രങ്ങളിലായി അയ്യപ്പനെ ആരാധിച്ച് പോരുന്ന ഒരുപാട് വിഭാഗങ്ങളുണ്ട്. ആയതിനാൽ ഇവർ ഒരു വ്യത്യസ്ത മതവിഭാഗമായി പരിഗണിക്കപ്പെടുന്നില്ല. പ്രസ്തുത സാഹചര്യത്തിൽ 10 നും 50 നും ഇടയിൽ പ്രായമുള്ള സ്ത്രീകൾ പ്രവേശിക്കുന്നത് തടയുന്നത് ആചാരങ്ങൾക്കും കീഴ് വഴക്കങ്ങൾക്കനുസൃതമാണെന്ന പറയുന്നത് 1965 ലെ നിയമത്തിലെ 3-ാം വകുപ്പ് പ്രകാരം നിയമ വിരുദ്ധമാണ് എന്ന് കോടതി അഭിപ്രായപ്പെട്ടു.

10 നും 50 നും വയസ്സിന് മദ്ധ്യേ പ്രായമുള്ള സ്ത്രീകൾക്ക് ശബരിമല ഒഴിച്ചുള്ള മറ്റ് അയ്യപ്പ ക്ഷേത്രങ്ങളിൽ ആരാധന നടത്താവുന്ന താണെന്ന വാദം അവർക്ക് ഇഷ്ടമുള്ള ക്ഷേത്രത്തിൽ ആരാധന നടത്താനുള്ള അവകാശം പ്രദാനം ചെയ്യുന്ന മൗലീകാവകാശം നിഷേധിക്കുന്നതിന് തുല്യമാണ്. ഇക്കാരണത്താലും തന്ത്രിമാരും മറ്റ ചിലരും പറയുന്ന മതാചാര പ്രകാരമുള്ള നിരോധനത്തിനുള്ള അവകാശം ശരിയല്ലാ ത്തതും സ്ത്രീകളുടെ ജീവശാസ്ത്ര പരമായ ഘടകമായ ആർത്തവത്തിന്റെ പേരിൽ അവരെ പൂർണ്ണമായും വിലക്കുന്നതു് മൗലീകാവകാശത്തിന് വിരുദ്ധവുമാണ് എന്നു കോടതി കണ്ടെത്തി. മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ 10 നും 50 നും ഇടയിൽ പ്രായമുള്ള സ്ത്രീകളെ വിലക്കുന്ന ആചാരമോ കീഴ് വഴക്കമോ ഭരണ ഘടനയുടെയും 1965 ലെ നിയമത്തിന്റെയും ലംഘനമാണെന്ന് ബഹു.സുപ്രീംകോടതി കോടതി വിധിച്ചു .

Section Officer